


Vol. 10, Issue: 31

# ക്രിസ്തുമസ് മനുഷ്യസമൂഹത്തിന്റെ മുഴുവൻ സ്നേഹോത്സവം

**മത്താ. 22–41:46, ഹെബ്രാ. 9–16:28**

ഫാ. തോമസ് പാറയ്ക്കൽ MST

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം"(ലൂക്കാ. 2:14). "ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു."(ലൂക്കാ 2:11). ഏവർക്കും ഉണ്ണിയേശുവിന്റെ പിറവിത്തിരുന്നാളിന്റെ പ്രാർത്ഥനാ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

ഒരിക്കൽ ആകാശത്തിലൂടെ പറക്കുന്ന വിമാനം കണ്ട് അഞ്ചുവയസ്സുകാരൻ മകൻ അപ്പനോട് ചോദിച്ചു; "അപ്പാ അതെന്താണ്?" അപ്പൻ പറഞ്ഞു; "അതാണ് വിമാനം, മനുഷ്യന് ഏറ്റവും എളുപ്പത്തിൽ യാത്ര ചെയ്യാനുള്ള വാഹനമാണത്." മകന്റെ സംശയം തീർന്നില്ല, അവൻ വീണ്ടും ചോദിച്ചു "അപ്പാ ആകാശത്തിൽക്കൂടി പറക്കുന്ന വിമാനത്തിൽ താഴെ നിൽക്കുന്ന മനുഷ്യരെങ്ങനെ കയറും." അപ്പൻ പറഞ്ഞു "മോനേ, ആളുകളെ മുകളിലേക്ക് കൊണ്ടുപോകാൻ വിമാനം താഴേക്ക് വരും."

മണ്ണിലലയുന്ന മനുഷ്യനെ വിണ്ണിലേയ്ക്കുയർത്താൻ ദൈവം തന്നെ മണ്ണിലേക്ക് വന്ന ദിനമാണ്-ക്രിസ്തുമസ്. എന്നാൽ 'ക്രിസ്തുമസ്' എന്ന പദത്തിന് ഈശോയുടെ ജനനവുമായി ബന്ധമില്ല എന്നത് ശ്രദ്ധേയമാണ്. ക്രിസ്തുമസ് എന്ന പദത്തിന്റെ അർത്ഥം ക്രിസ്തുവിന്റെ ബലിയെന്നാണ്. അതായത് പാപാന്ധകാരത്തിൽനിന്ന് മാനവകുലത്തെ രക്ഷിക്കാൻ ജീവൻ തന്നെ ഹോമിക്കുക എന്നതായിരുന്നു ഈശോയുടെ ജനനത്തിന്റെ ലക്ഷ്യം. കാലിത്തൊഴുത്താകുന്ന ഗുഹയിൽ തുടങ്ങുന്ന ഈശോയുടെ ജനനം, അവസാനിക്കുന്നത് ഒലിവുതോട്ടത്തിലെ പാറയിൽ വെട്ടിയുണ്ടാക്കിയ മറ്റൊരു ഗുഹയിലാണ്.

പ്രശസ്ത വചന പ്രഘോഷകനായിരുന്ന ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ ഇപ്രകാരം പറയുന്നു. "ആയിരം പുൽക്കൂടുകളിൽ ഉണ്ണി പിറന്നാലും നമ്മുടെ ഹൃദയത്തിൽ ഉണ്ണിപിറക്കുന്നില്ലെങ്കിൽ ക്രിസ്തുമസ് വ്യർത്ഥമാണ്."പുൽക്കൂട് നിർമ്മിക്കാനും അതിൽ ഉണ്ണിയെ പ്രതിഷ്ഠിക്കാനും നാം ഉത്സാഹിക്കുന്നതുപോലെ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ണിയേശുവിന് ജനനം കൊടുക്കുവാൻ നാം പരിശ്രമിക്കണം. അതിന് എന്തിനാണ് ദൈവം ഈ ഭൂമിയിൽ പിറന്നതെന്നത് നാം മനസ്സിലാക്കണം. അതുപോലെ യേശുവിന്റെ ജനനം എനിക്കു നൽകുന്ന സന്ദേശമെന്തെന്ന് തിരിച്ചറിയണം.

### ദൈവം എന്തിന് മനുഷ്യനായി

ഏശയ്യാ പ്രവാചകന്റെ പുസ്തകം 59/1-ൽ നാം

ഇപ്രകാരം വായിക്കുന്നു. "രക്ഷിക്കാൻ കഴിയാത്ത വിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല, കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല." നമ്മുടെ വേദനകളിൽ, പാപാവസ്ഥകളിൽ, തകർച്ചകളിൽ രക്ഷയുടെ കരം നീട്ടി നമ്മെ താങ്ങുന്നവനാണ് നമ്മുടെ ദൈവം. അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും പ്രവാചകന്മാരിലൂടെയുമെല്ലാം ഇസ്രായേൽ ജനത്തിനിടയിൽ പ്രവർത്തിച്ച ദൈവം എപ്രകാരമാണ് ഇന്ന് നമ്മുടെ ജീവിതങ്ങളിൽ ഇടപെടുന്നത് എന്ന് ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം 1/1-ൽ പറയുന്നത് ഇപ്രകാരമാണ്. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു. അതിനുള്ള കാരണം യോഹ. 3/16-ൽ പറയുന്നു "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ആ സ്നേഹമാണ് പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോ. അങ്ങനെ മനുഷ്യനോടുള്ള അതിരറ്റ സ്നേഹത്തെപ്രതി മനുഷ്യനെ ദൈവീകനാക്കാൻ ദൈവം മനുഷ്യനായി ഈ ഭൂമിയിൽ പിറന്നു.

### ക്രിസ്തുവിനെ തേടിയുള്ള യാത്ര

തിരുക്കുടുംബം നടത്തേണ്ടിവന്ന ഒരു യാത്രയുടെ പശ്ചാത്തലത്തിലാണ് (ലൂക്കാ 2/1) യേശുവിന്റെ ജനനം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഈ ക്രിസ്തുമസ് നമ്മെയും ക്ഷണിക്കുക ഒരു യാത്രയിലേക്കാണ്; ബേത്‌ലഹേം തേടിയുള്ള യാത്രയിലേക്ക്. ഇങ്ങനെ രക്ഷകനെ തേടിയിറങ്ങിയവരിൽ ഒരാളൊഴിച്ച് (ഹെറോദേസ്) ബാക്കിയെല്ലാവരും രക്ഷകനെ കണ്ടെത്തുന്നുണ്ട്. രക്ഷകന് ജന്മം കൊടുക്കുവാനുള്ള യാത്ര മാതാവും ഔസേപ്പിതാവും വിജയകരമായി പൂർത്തിയാക്കുമ്പോൾ ദൈവദൂതൻ രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള സദ്വാർത്ത ആദ്യം അറിയിക്കുന്നത് പാവപ്പെട്ട ആട്ടിടയരെയാണ്. ദൈവദൂതന്റെ ഈ വാക്കുകൾ അവരിൽ ഭയം ഉളവാക്കിയെങ്കിലും അവർ ബെത്‌ലഹേമിൽ പോയി ദൂതൻ അറിയിച്ച ഈ സംഭവം നേരിൽ കണ്ടു. അടുത്ത യാത്ര ജ്ഞാനികളുടെയാണ്. കൈനിറയെ കാഴ്ചകളുമായി, നക്ഷത്രത്തിന്റെ വഴിയെ രക്ഷകനെത്തേടി അവർ ഇറങ്ങി. അറിവും അധികാരവും ഉണ്ടായിരുന്നവർ അതെല്ലാം മാറ്റിനിറുത്തി, സ്വയം എളിമപ്പെട്ടതുകൊണ്ട് അവർക്ക് രക്ഷകന്റെ അരികിലെത്തിച്ചേരാൻ സാധിച്ചു. എന്നാൽ അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടെയും മണിമാളികയിൽ ഇരിക്കുന്ന ഇസ്രായേലിന്റെ പ്രതിനിധിയായ ഹേറോദിന് രക്ഷകനെ കാണാൻ സാധിച്ചില്ല. കാരണം രക്ഷകനെ തേടിയിറങ്ങണമെങ്കിൽ ആട്ടിടയന്മാരെപ്പോലെയും ജ്ഞാനികളെപ്പോലെയും മനസ്സിൽ ലാളിത്യം സൂക്ഷിക്കുന്നവരും അഹങ്കാര ചിന്തകൾ വെടിയെടുന്നവരുമായിരിക്കണം നമ്മൾ.

ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചത് സ്വയം എളിമപ്പെടുത്തിക്കൊണ്ടാണ്. ഈയൊരു എളിമപ്പെടുത്തൽ വഴി ഒരിക്കൽ ഏദേൻ തോട്ടത്തിൽ അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറക്കപ്പെട്ട രാത്രിയാണ് ക്രിസ്തുമസ് രാത്രി. പുൽക്കൂട്ടിലെ ഉണ്ണിയേശു നമ്മെയും ക്ഷണിക്കുക ഈയൊരു എളിമപ്പെടലിന്റെ മനോഭാവത്തിലേയ്ക്കാണ്. കാരണം സ്വയം എളിമപ്പെടുന്നവർക്കാണ് ഉണ്ണിയേശുവിന് ജന്മം കൊടുക്കാനും ഉണ്ണിയേശുവിനെ കണ്ടെത്താനും സാധിക്കുക. അധ്വാനിച്ചുണ്ടാക്കിയ സ്വത്തും സ്ഥലവുമൊക്കെ പ്രളയം അപഹരിച്ചപ്പോൾ ജാതി, മത ഭേദമന്യേ ഒരു നവകേരളത്തിന്റെ നിർമ്മിതിക്കായി നമ്മൾ ഒരുമിച്ചിറങ്ങി. കാരണം പ്രളയം തകർത്തത് നമ്മുടെ സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും മതിലുകളെയാണ്. ഒരു പ്രളയത്തിന്റെ ആയുസേ നമ്മുടെ സമ്പാദ്യങ്ങൾക്കുള്ളൂ. അതുകൊണ്ട് നമ്മുടെ സമ്പത്തിലും സമൃദ്ധിയിലും മേന്മ കാണിക്കാതെ ക്രിസ്തുവിന്റെ സ്നേഹം ലോകത്തിന് പകർന്നു നല്കാനാണ് നാം പരിശ്രമിക്കേണ്ടത്.

സ്നേഹത്തിന്റെയും വിനയത്തിന്റെയും സന്ദേശം നല്കുന്ന ക്രിസ്തുമസ് ജാതിഭേദമന്യേ എല്ലാവരും ആഘോഷിക്കുന്ന ഉത്സവമാണ്. ക്രിസ്തുമസ് വിശ്വശാന്തിദിനമാണ്. ജാതിയുടേയും മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ ഭിന്നതകൾ ഉണ്ടാക്കുവാനും അശാന്തിയുടെയും അസമാധാനത്തിന്റെയും വിത്ത് വിതയ്ക്കുവാനും ചില താല്പര്യ കക്ഷികൾ മുന്നിടുമ്പോൾ, മാധ്യമ ചർച്ചകളും മറ്റ് ആശയവിനിമയങ്ങളും അതിനുള്ള വഴികൾ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മൾ അതിൽ ജാഗ്രത പുലർത്തണം. ജാതി, മത, സമുദായിക, രാഷ്ട്രീയ ബന്ധങ്ങൾക്കതീതമായി വ്യക്തികളുടെ മഹത്വം അംഗീകരിക്കാനും നാം തയ്യാറാവണം. അപ്പോഴാണ് സമാധാനത്തിന്റെ ദൂതുമായി ലോകത്തിലേക്ക് വന്ന ഉണ്ണിയേശുവിന് പ്രിയപ്പെട്ട ജീവിതങ്ങളായി നമ്മുടെ ജീവിതങ്ങളും രൂപാന്തരപ്പെടുക.

ഒരു ദിവസം കൊണ്ട് അവസാനിക്കേണ്ടതല്ല ക്രിസ്തുമസ്. നമ്മുടെ അനുദിന ജീവിതത്തിൽ ക്രിസ്തു മനുഷ്യനായി പിറക്കട്ടെ. നമ്മുടെ വ്യക്തി ജീവിതങ്ങളിൽ, കുടുംബങ്ങളിൽ നാമായിരിക്കുന്ന വിവിധ ഇടങ്ങളിൽ ക്രിസ്തുവിന് ജനിക്കാൻ, സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും പാതയിൽ ചരിച്ചുകൊണ്ട് നമ്മുടെ ഇടം ഒരുക്കാം.

ഉണ്ണിയേശു നമ്മെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*ആമേൻ.*